# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2790      06.11.2019 ലെ മറുപടി**

### കരീത്തോട് ചളിക്കവട്ടത്ത് കട്ടപ്പത്ത് കലുങ്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കരീത്തോട് ചളിക്കവട്ടത്ത് കട്ടപ്പത്ത് ഒരു കലുങ്ക് പണിയുന്നതിനുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;<br><br>(ബി) ഈ കലുങ്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;<br><br>(സി) തടസ്സങ്ങൾ നീക്കി ഇതിന്റെ പ്രവൃത്തി എന്നേക്ക് തുടരാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br>കരീത്തോടിന്റെ പുനരുദ്ധാരണത്തിനായി എം.എൽ.എയുടെ എൽ.എ.സി.എ.ഡി.എസ് ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലെ കരീത്തോട് പുനരുദ്ധാരണം റീച്ച്-2 (Improvement to Kareethodu in Kochi Corporation Reach-2) എന്ന പ്രവൃത്തിയിൽ കട്ടപ്പത്ത് കലുങ്കിന്റെ പുനർനിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ